LIBRARY ARCHIVES Kerala Legislative Assembly

മണലൂർ നിയോജക മണ്ഡലത്തിലെയും ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെയും കടിവെള്ള പദ്ധതികൾ

214 (922) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണലൂർ നിയോജകമണ്ഡലത്തിലും ഗുരുവായൂർ മുനിസിപ്പാലിറ്റിയിലുമായി വാട്ടർ അതോറിറ്റി പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്നും അവയ്ക്ക് ചെലവായ തുക എത്രയെന്നും അറിയിക്കാമോ ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നതും അംഗീകാരം ലഭിച്ചതുമായ കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്നും ഇവയുടെ അടങ്കൽ തുക എത്രവീതമെന്നും അറിയിക്കാമോ ;

(സി) മണലൂർ നിയോജക മണ്ഡലത്തിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണലൂർ നിയോജക മണ്ഡലത്തിലും ഗുരുവായൂർ നിയോജകമണ്ഡലത്തിലും ഗുരുവായൂർ മുനിസിപ്പാലിറ്റിയിലുമായി വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതികൾ ഒന്നുംതന്നെ പൂർത്തീകരിച്ചിട്ടില്ല.

(ബി) 1. മണലൂർ -കാരമുക്ക് പദ്ധതി - 541 ലക്ഷം രൂപ.

2. വെങ്കിടങ്ങ് പദ്ധതി - 390 ലക്ഷം രൂപ.

3. ചാവക്കാട് - ഗുരുവായൂർ പദ്ധതി (UIDSSMT) - 50 കോടി രൂപ.

(സി) മണലൂർ നിയോജക മണ്ഡലത്തിൽപ്പെട്ട പാവറട്ടി-മുല്ലശ്ശേരി കുടിവെള്ള പദ്ധതിയിൽ മുല്ലശ്ശേരി പഞ്ചായത്തിന്റെ സർവ്വേ നടത്തി ഡി.ഇ.ആർ. തൃശ്ശൂർ പബ്ലിക് ഹെൽത്ത് സർക്കിളിന് കീഴിൽ തയ്യാറാക്കിവരുന്നു.